ഉത്തരം

(എ) ഉണ്ട്.

(ബി) ഉദ്ദേശം 134 കടുവകളും ഉള്ളതായി കണക്കാക്കിയിട്ടുണ്ട്.

(സി) തേക്കടിയെ കടുവ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം, മേഖലാ സംരക്ഷണം, ശാസ്ത്രീയ പരീക്ഷണം, അനധികൃത വേട്ടയാടൽ നിരോധനം, കന്നുകാലി പ്രവേശന നിരോധനം മുതലായവ ഉൾപ്പെടുന്നു. കൂടാതെ കെട്ടിട നിർമ്മാണം, റോഡു പുതുക്കൽ, വാഹനങ്ങളും ഉപകരണങ്ങളും വാങ്ങൽ എന്നിവയും പദ്ധതിയിൽ പെടുന്നു. ഇതിന് ഏകദേശം 60 ലക്ഷം രൂപ ചെലവു വരുമെന്നു കണക്കാക്കിയിട്ടുണ്ട്. ഇതിന്റെ മുഴുവൻ ചെലവും കേന്ദ്ര ഗവൺമെൻറാണ് വഹിക്കുന്നത്.

വനഭൂമി കൈവശപ്പെടുത്തിയതായി പരാതി

759 [1114] ശ്രീ. എം. രാമപ്പ:

ശ്രീ. സി. എ. കുര്യൻ:

ശ്രീ. എ. എൻ. യൂസഫ്:

ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്കിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടെ ഉടമകളും ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറ് ഏറ്റെടുത്ത വനഭൂമി കൈവശപ്പെടുത്തിയ നിരവധി സംഭവങ്ങളുണ്ടായിട്ടുള്ളതായി ചൂണ്ടിക്കാണിച്ചു കൊണ്ടുള്ള പരാതികളും ഗവൺമെൻറിലേക്കു ലഭിച്ചിരുന്നോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട്?

ഉത്തരം

(എ) ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറ് ഏറ്റെടുത്ത വനഭൂമിയിൽ ചില കയ്യേറ്റങ്ങളും നടന്നിട്ടുണ്ടെങ്കിലും ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടെ ഉടമ കയ്യേറിയതായി പരാതി ലഭിച്ചിട്ടില്ല.

(ബി) കയ്യേറിയ ഭൂമിയിൽനിന്നും അവരെയെല്ലാം ഇറക്കിവിട്ടിട്ടുണ്ട്.

മന്നം ഷുഗർമില്ലിനും ചിറ്റൂർ ഷുഗർ മില്ലിനും ഗവൺമെൻറിൽ നിന്നും നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ

760 [1115] ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്നം ഷുഗർമില്ലും ചിറ്റൂർ ഷുഗർമില്ലും സ്ഥാപിതമായതെപ്പോൾ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയ്ക്ക് ഓരോന്നിനും നാളിതുവരെ ഓരോ വർഷവും ഗവൺമെൻറിൽനിന്നും നൽകിയിട്ടുള്ള ആനുകൂല്യങ്ങളുടെ ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഓരോ സ്ഥാപനത്തിനും ഓരോ വർഷവും ഉണ്ടായിട്ടുള്ള ലാഭനഷ്ടം എത്ര;

(ഡി) ഈ മില്ലുകളിൽനിന്നും ഗവൺമെൻറിനു ലഭിക്കേണ്ട തുക ഇളവു ചെയ്തു കൊടുത്തിട്ടുണ്ടെങ്കിൽ ഓരോ വർഷവും എത്ര രൂപ വീതം ഇളവു ചെയ്തു കൊടുത്തിട്ടുണ്ട്; ഏതെല്ലാം കാരണങ്ങളാൽ?

ഉത്തരം

(എ) മന്നം ഷുഗർമിൽസും കോ–ഓപ്പറേറീവ് ഷുഗർസും 1964-ലാണ് സ്ഥാപിതമായത്.

(ബി) മന്നം ഷുഗർ മില്ലിന് 99.13 ലക്ഷം രൂപ ലോണായിട്ടും ചിറ്റൂർ ഷുഗർ മില്ലിന് 13 ലക്ഷം രൂപ ലോണായിട്ടും 33 ലക്ഷം രൂപ ഷെയറായിട്ടും നൽകിയിട്ടുണ്ട്.

(സി) ഓരോ സ്ഥാപനത്തിന്റേയും ലാഭനഷ്ടത്തിന്റെ സ്റ്റേറ്റ്മെൻറ് അനുബന്ധമായി വെച്ചിട്ടുണ്ട്*.

(ഡി) ഇളവു ചെയ്തു കൊടുത്തിട്ടില്ല.

കൈത്തറിത്തുണി സംസ്കരണ കേന്ദ്രം

761 [1124] ശ്രീ. എ. വി. താമരാക്ഷൻ:
ശ്രീ. കല്പട നാരായണൻ:
ശ്രീ. ത്യാഗരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഹാൻഡ്ലൂം ഫിനാൻസ് ആൻറ് ട്രേഡിംഗ് കോർപ്പറേഷന്റേയും വ്യവസായ വാണിജ്യ വകുപ്പിന്റേയും സംയുക്താഭിമുഖ്യത്തിൽ കല്ലൂരിൽ ഒരു കൈത്തറിത്തുണി സംസ്കരണ കേന്ദ്രം ആരംഭിക്കുവാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന് എത്ര ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു;

(സി) അതിന്റെ പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് വിശദീകരിക്കുമോ;

(ഡി) ഇത്തരം ഒരു കേന്ദ്രം കൊല്ലം ജില്ലയിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

*അനുബന്ധം III.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 760 (1115) നോക്കുക]

MANNAM SUGAR MILLS CO-OPERATIVE LIMITED
PANDALAM

		Loss	
1964	..	6.55	lakhs
1965	..	30.19	,,
1966	..	28.40	,,
1967	..	21.99	,,
1968	..	13.89	,,
1969	..	20.08	,,
1970	..	20.66	,,
1971	..	28.91	,,
1972	..	18.13	,,
1973	..	19.04	,,
1974	..	8.42	,,
1975	..	1.79	,,
1976	..	21.24	,,
1977	..	23.57	,,

CO-OPERATIVE SUGARS LIMITED,
CHITTUR

		Profit/Loss Rs.	
1964.65	..	18.50	(—)
1965.66	..	1.19	(—)
1966.67	..	16.66	(—)
1967.68	..	11.48	(—)
1968.69	..	7.98	(—)
1969.70	..	13.77	(—)
1970.71	..	22.55	(—)
1971.72	..	3.61	(+)
1972.73	..	2.11	(+)
1973.74	..	57.34	(+)
1974.75	..	28.34	(+)
1975.76	..	27.60	(—)
1976.77	..	0.67	(—)
1977.78	..	13.08	(+)

LIBRARY ARCHIVES Kerala Legislative Assembly